"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനംവന്യജീവി വകുപ്പ്- റിട്ട.റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.സി കൃഷ്ണദാസൻ ന്റെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന്, കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ചട്ടം 9 (2) (h) ൽ നിഷ്കർഷിച്ചിട്ടുള്ള ട്രെയിനിങ്ങ് യോഗ്യതയിൽ ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനംവന്യജീവി(എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.88/2021/വനം തീയതി,തിരുവനന്തപുരം, 17/03/2021

---

പരാമർശം:- 1 റിട്ട. റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.സി കൃഷ്ണദാസൻ 16.01.2020 ൽ സമർപ്പിച്ച നിവേദനം.

2 ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 15.09.2020 തീയതിയിലെ ഡി4-557/2020 നം. കത്ത്.

<u>ഉത്തരവ്</u>

2010 ലെ കേരളാ ഫോറസ്റ്റ് സർവീസ് സ്പെഷ്യൽ റൂൾസ് ചട്ടം 9 (2) (h) പ്രകാരമുള്ള നിർബന്ധിത ട്രെയിനിംഗിൽ നിന്നും ഇളവ് അനുവദിച്ച്, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുവാൻ അനുമതി നൽകണമെന്നുമാവശ്യപ്പെട്ട്, ശ്രീ.സി കൃഷ്ണദാസൻ സമർപ്പിച്ച പരാമർശം ഒന്നിലെ അപേക്ഷ, ശുപാർശ സഹിതം പരാമർശം (2) പ്രകാരം, ഭരണവിഭാഗം ഉപമുഖ്യവനപാലകൻ സർക്കാരിന് ലഭ്യമാക്കിയിരുന്നു.

2).ശ്രീ.സി കൃഷ്ണദാസൻ ഡെപ്യൂട്ടി റെയ്ഞ്ച് ഓഫീസർ തസ്തികയിൽ നിന്നും റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ താൽക്കാലിക പ്രൊമോഷൻ ലഭിച്ച് 04.07.2008 ൽ സേവനം ആരംഭിക്കുകയുണ്ടായി. ടിയാന്റെ റെയ്ഞ്ച് ഫോറസ്റ്റർ ഓഫീസർ തസ്തികയിലെ സർവ്വീസ് 28.10.2011 പ്രാബല്യത്തിൽ ക്രമീകരിച്ചിട്ടുള്ളതാണ്. കേരളാ ഫോറസ്റ്റ് സർവീസ് സ്പെഷ്യൽ റൂൾസ് 2010 ചട്ടം 9 (2) (h) ൽ നിഷ്കർഷിച്ചിട്ടുള്ള 3 മാസത്തെ ട്രെയിനിങ് പൂർത്തീകരിക്കാത്തതിനാൽ ടിയാന്റെ റെയ്ഞ്ച് ഫോറസ്റ്റർ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുവാൻ സാധിച്ചിട്ടില്ല.

3).ശ്രീ.സി കൃഷ്ണദാസൻ 2015 ലെ ട്രെയിനിംഗ് ബാച്ചിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും, സൗത്ത് വയനാട് ഡിവിഷനിലെ ചില പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ടിയാന്റെ സേവനം ആവശ്യമായിരുന്നതിനാൽ സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഒഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ട്രെയിനിംഗിൽ നിന്നും ടിയാനെ ഒഴിവാക്കിയിരുന്നു. അടുത്ത ട്രെയിനിംഗ് ബാച്ചിൽ ഉൾപ്പെടുത്തുവാൻ ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും, 2015 നുശേഷം വനംവകുപ്പിൽ, ടിയാൻ വിരമിക്കുന്ന കാലയളവിൽ ട്രെയിനിംഗ് നടത്തിയിട്ടില്ലാത്തതിനാൽ ടിയാന് പങ്കെടുക്കുവാൻ സാധിച്ചിട്ടില്ല.

4).സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. റെയ്ഞ്ച് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനായുള്ള കേരള ഫോറസ്റ്റ് സ്കൂൾ നടത്തുന്ന 3 മാസത്തെ ട്രെയിനിങ്ങ് പൂർത്തിയാക്കാത്തതു ശ്രീ.സി കൃഷ്ണദാസൻ ന്റെ ഭാഗത്തു നിന്നുമുള്ള അപാകതയല്ലാത്തതിനാലും, 31.07.2018 ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടും, ടിയാൾക്ക് ഇതുവരേയും

അർഹമായ ഇൻക്രിമെന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാക്കാത്ത സാഹചര്യം പരിഗണിച്ചും, റിട്ട.റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.സി കൃഷ്ണദാസൻ ന്റെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ, മൂന്ന് മാസത്തെ പരിശീലന കാലം ഒഴികെ ഡ്യൂട്ടി കാലം പൂർത്തിയാക്കിയ തിയതി മുതൽ പ്രഖ്യാപിക്കുന്നതിന്, കെ.എസ്.&എസ്.എസ്.ആർ ഭാഗം-2-ലെ ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന പ്രത്യേകാധികാരം വിനിയോഗിച്ച്, കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ചട്ടം 9 (2) (h) ൽ നിഷ്കർഷിച്ചിട്ടുള്ള ട്രെയിനിങ്ങ് യോഗ്യതയിൽ ഇളവ് അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.SURESHKUMAR
ജോയിന്റ് സെക്രട്ടറി

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.
ശ്രീ.സി കൃഷ്ണദാസൻ , റിട്ട. റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, (ഭരണവിഭാഗം ഉപമുഖ്യവനപാലകൻ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
വെബ്& ന്യൂ മീഡിയ.
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്(നം.എ3/106/2020/ഉ.ഭ.വതീയതി 17.11.2020 പ്രകാരം).
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NOUSHAD S
Date: 2021.03.1? 17:13:52 IST
Reason: Approved

സെക്ഷൻ ഓഫീസർ.

പകർപ്പ് -വനംവന്യജീവി(പാർലമെന്റ്) വകുപ്പ്.